## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 922 — 11.3.2015 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ പരീക്ഷാകേന്ദ്രം മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ. യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തുന്ന പരീക്ഷ കൾ സാധാരണയായി എവിടെ യെല്ലാം വച്ചാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ പരീക്ഷകൾ നടത്താറില്ല. എന്നാൽ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത ടെക്നിക്കൽ യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐയിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനായി നടത്തുന്ന പരീക്ഷകൾ തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐയിൽ വച്ചും പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ജില്ലയിലെ ചാക്ക, ആര്യനാട്, ആറ്റിങ്ങൽ, ധനുവച്ചപുരം എന്നീ 4 ഗവ. ഐ.ടി.ഐ.കളിൽ വച്ചുമാണ് നടത്തിവരുന്നത്. |
| (ബി) ഇപ്പോൾ പ്രസ്തുത പരീക്ഷാ കേന്ദ്രം തിരുവനന്തപുരമായി തീരുമാനി ച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പ്രകാരം നടത്തുന്ന പരീക്ഷകൾ മുമ്പ് സംസ്ഥാനത്തെ 14 നോഡൽ ഐ.ടി.ഐ. കളിൽ വച്ചാണ് നടത്തിവന്നിരുന്നത്. എന്നാൽ ടി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ ടി ട്രെയിനികളുടെ പരീക്ഷകൾ തിരുവനന്തപുരത്ത് വച്ച് നടത്താൻ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഇത് വടക്കൻ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) അതാത് നോഡൽ ഐ.ടി.ഐ. കളിൽ വച്ച് മുൻപ് നടത്തിവന്നിരുന്ന ടി പരീക്ഷകളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഉണ്ടായതിനാലാണ് തിരുവനന്തപുരത്ത് വച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി പരീക്ഷകൾ നടത്തി വരുന്നത്. ടി പരീക്ഷകൾ തിരുവനന്തപുരത്തേക്ക് മാറ്റിയതിനാൽ പരീക്ഷകൾ സുഗമമായി നടത്തി വരുന്നുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത പരീക്ഷാകേന്ദ്രം അതാത് ഐ.ടി.ഐ. കളിലോ ജില്ലകളിലെ ഏതെങ്കിലും ഐ.ടി.ഐ. കളിലോ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പ്രസ്തുത പരീക്ഷകൾ തിരുവനന്തപുരത്തു വച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ നടത്തുന്നതു മൂലം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ടി പരീക്ഷകൾ തിരുവനന്തപുരത്തു നിന്ന് മാറ്റുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ